കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# പൂതക്കുളം ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

# 2015-16

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം.
e-mail:doklm.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ-കെ.എൽ.എം-പി 7/326/17

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം

തീയതി: .14-2-2017

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

പൂതക്കുളം ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : പൂതക്കുളം ഗ്രാമപഞ്ചായത്ത് - 2015-16 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

**********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പൂതക്കുളം ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർനടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2, 3 എന്നിവയിലെ ഖണ്ഡികളിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14, 15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ / തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച

ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20, 23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2) എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം)
2. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കൊല്ലം.

3. കാര്യാലയ പകർപ്പ്

നം.കെ.എസ്.എ-കെ.എൽ.എം –പി 7/326/2017 തീയതി :14-2-2017

കൊല്ലം ജില്ലയിലെ പൂതക്കുളം ഗ്രാമപഞ്ചായത്തിന്റെ 2015-16

സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള

ഓഡിറ്റ് റിപ്പോർട്ട്.

*(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4), 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)*

കൊല്ലം ജില്ലയിലെ പൂതക്കുളം ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 15.06.2016 മുതൽ 14.12.2016 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 15 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 13 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ ക്കുറിപ്പുകളിന്മേലുള്ള തുടർനടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | | |
|---|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥ | ശ്രീമതി. ഗീത എം.<br>ഡെപ്യൂട്ടി ഡയറക്ടർ | |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 15.12.2016 മുതൽ 22.12.2016 വരെ | |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീ.കെ. സൈമൺ | ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ) |

| | | |
|---|---|---|
| | ശ്രീമതി. ശ്രീകുമാരി | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | ശ്രീ. രതീഷ് കെ. | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | ശ്രീമതി.ബിന്ദു നായർ | ഓഡിറ്റർ |

(ബി) നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീമതി വി. ജി. ജയ<br>അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റി<br>ശ്രീ. എം. കെ. ശ്രീകുമാർ | 01.04.15 മുതൽ 31.10.15 വരെ<br>1.11.15 മുതൽ 18.11.15 19.11.15 മുതൽ 31.3.16 വരെ |
| സെക്രട്ടറി | ശ്രീമതി. ഒ. മീനാകുമാരിയമ്മ | 01.04.2015മുതൽ 31.03.2016 വരെ |
| നിർവ്വഹണ ഉദ്യോഗസ്ഥർ | | |
| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
| അഗ്രിക്കൾച്ചർ ഓഫീസർ | ശ്രീമതി.പ്രീതി.ആർ | 01.04.2015 മുതൽ 31.03.2016 വരെ |
| വെറ്റിനറി സർജൻ | ഡോ.വിനോദ്. കെ. ചെറിയാൻ<br>ഡോ. അലോഷ്യസ് പി. | 01.04.2015 മുതൽ 31.05.2015 വരെ<br>01.06.2015 മുതൽ 31.03.2016 വരെ |

| | | |
|---|---|---|
| മെഡിക്കൽ ഓഫീസർ, സി.എച്ച്.സി | ഡോ.സാഹിനി എം. സോമൻ | 1.04.2015 മുതൽ 31.03.2016 വരെ |
| മെഡിക്കൽ ഓഫീസർ, ഹോമിയോ | ഡോ. രാജശ്രീ. | 1.04.2015 മുതൽ 31.03.2016 വരെ |
| മെഡിക്കൽ ഓഫീസർ, ആയുർവേദം | ഡോ. സൗമ്യ | 1.04.2015 മുതൽ 31.03.2016 വരെ |
| അസിസ്റ്റന്റ് സെക്രട്ടറി | ശ്രീമതി.ഗായത്രി.എസ്. വി | 01.04.2015 മുതൽ 31.03.2016 വരെ |
| വി.ഇ.ഒ | ശ്രീമതി. ഗീത (കോട്ടുവൻ കോണം)<br>ശ്രീമതി.സന്ധ്യ.സി.എസ് (പൂതക്കുളം) | 01.04.2015 മുതൽ 31.03.2016വരെ<br>01.04.2015 മുതൽ 31.03.2016 വരെ |
| അസിസ്റ്റന്റ് എഞ്ചിനീയർ | ശ്രീ.അരുൺ.എം | 01.04.2015 മുതൽ 31.03.2016 വരെ |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | ശ്രീമതി.ശോഭന കുമാരി<br>ശ്രീമതി. ശ്രീലത എസ്. | 01.04.2015 മുതൽ 21.01.2016 വരെ<br>22.01.16 മുതൽ 31.03.2016 വരെ |
| ഹെഡ്മാസ്റ്റർ | ശ്രീ.പ്രദീപ്കുമാർ.ജി | 01.04.2015 മുതൽ 31.03.2016വരെ |
| ഡയറി ഫാം ഇൻസ്ട്രക്ടർ | ശ്രീമതി.സുമിന | 01.04.2015 മുതൽ 30.09.2015 വരെ |

| | | |
|---|---|---|
| | ശ്രീമതി. ഷൈലജാ ദേവി എ. കെ | 01.10.2015 മുതൽ 31.03.2016 വരെ |

ഉള്ളടക്കം



| ക്രമ നം. | ഭാഗം – 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യ പത്രിക | 1-2 |
| 3 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം | 1-6 |
| 7 | തനത് വരുമാനം | 1-7 |
| 8 | ക്ഷേമ പദ്ധതികൾ | 1-8 |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 |
| 10 | ആഭ്യന്തര നിയന്ത്രണം | 1-10 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 |
| ഭാഗം - 2 | | |
| 12 | തൊഴിൽ നികുതി ഈടാക്കിയില്ല | 2-1 |
| ഭാഗം - 3 | | |

| | | |
|---|---|---|
| 13 | പൊതുമരാമത്ത് പ്രവൃത്തികൾ സമയമബന്ധിതമായി പൂർത്തിയാക്കിയില്ല- ഫൈൻ ഈടാക്കാത്തതിനാൽ നഷ്ടം 37,196/-രൂപ | 3-1 |
| 14 | ഇലക്ഷൻ കമ്മീഷൻ വിഹിതം തിരികെ ലഭ്യമാക്കിയില്ല – 30000/-രൂപ തടസ്സപ്പെടുത്തുന്നു | 3-2 |
| 15 | കൈപ്പറ്റ് രസീത് ഹാജരാക്കിയില്ല - 65000/- രൂപ തടസ്സപ്പെടുത്തുന്നു | 3-3 |
| 16 | ലൈസൻസ് ഇല്ലാത്ത ഗുണഭോക്താവിന് ഓട്ടോറിക്ഷ വാങ്ങുന്നതിന് സബ്സിഡി -50,000/- രൂപ നിരാകരിക്കുന്നു | 3-4 |
| 17 | പൊതുടാപ്പുകളുടെ വെള്ളക്കരം-സംയുക്ത പരിശോധന നടത്തി രജിസ്റ്റർ പരിപാലിക്കുന്നില്ല | 3-5 |
| 18 | വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല - 111614/- രൂപ തടസ്സപ്പെടുത്തുന്നു | 3-6 |
| 19 | കന്നുകാലികളിലെ വന്ധ്യതാനിവാരണം -അനുവദനീയമല്ലാത്ത പദ്ധതി – തടസ്സപ്പെടുത്തുന്നതുക 25000 /- രൂപ | 3-7 |
| 20 | സമഗ്രസ്പോർട്സ് വികസനം –മാർഗ്ഗ രേഖ പ്രകാരം അനുവദനീയമല്ലാത്ത പദ്ധതി | 3-8 |
| 21 | കൃഷിഓഫീസർ നടപ്പിലാക്കിയ പദ്ധതികളിലെ അപാകതകൾ | 3-9 |
| 22 | എബിസി പ്രോഗ്രാം - മോണിട്ടറിംഗ് | 3-10 |

| | | |
|---|---|---|
| | നടത്തിയതിന്റെ രേഖകളില്ല | |
| 23 | പശു വളർത്തൽ പദ്ധതി -സ്വന്തം പശുവിനെ മറ്റൊരു ഗുണഭോക്താവിന് വില്ക്കയും പദ്ധതി പ്രകാരം പശുവിനെ വാങ്ങി സബ്സിഡി കൈപ്പറ്റുകയും ചെയ്തു | 3-11 |
| ഭാഗം – 4 | | |
| 24 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 25 | ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 26 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 |
| 27 | വായ്പ/വായ്പ തിരിച്ചടവ് | 4-4 |
| 28 | സ്ഥിരനിക്ഷേപങ്ങൾ | 4-5 |
| 29 | ഓഡിറ്റ് റിക്കവറി | 4-6 |
| 30 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-7 |
| 31 | ഓഡിറ്റ് പ്രത്യവലോകനം | 4-8 |
| 32 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-9 |
| 33 | അനുബന്ധം<br>ഓഡിറ്റ് സാക്ഷ്യപത്രം | |


## ഭാഗം **1**

<u>പൊതു അവലോകനം</u>

## 1-1 ബജറ്റ്

2015-16 വർഷത്തെ ബജറ്റ് 26-03-2015 തിയതിയിലെ I(1) തീരുമാനപ്രകാരം അംഗീകരിച്ചു. ബജറ്റ് സിംഗിൾ എൻട്രി സമ്പ്രദായത്തിലും വാർഷിക ധനകാര്യപത്രിക അക്രൂവൽ അടിസ്ഥാനത്തിൽ ഡബിൾ എൻട്രി സമ്പ്രദായത്തിലും തയ്യാറാക്കിയിട്ടുള്ളതിനാൽ ഇവ തമ്മിൽ താരതമ്യം ചെയ്യാൻ ഓഡിറ്റിന് കഴിഞ്ഞിട്ടില്ല.

## 1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31-7-16 | 28-7-16 | ഇല്ല | ഇല്ല |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2015-16 | 22-12-16 | സർട്ടിഫിക്കറ്റ് അനുബന്ധമായി ചേർത്തിട്ടുണ്ട് |

വാർഷിക ധനകാര്യപത്രികയിലെ ന്യൂനതകൾ

1. എല്ലാ ആസ്തികളുടേയും മൂല്യം ഉൾപ്പെടുത്തി ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

2.ICDS കേന്ദ്രവിഹിതം നീക്കിയിരിപ്പായി B4 ഷെഡ്യൂളിൽ രേഖപ്പെടുത്തിയിരിക്കുന്ന തുകയിൽ 98778/- രൂപ കുറവ് ചെയ്തിട്ടില്ല. ചെലവ് 336665/- രൂപയും , യഥാർത്ഥ നീക്കിയിരിപ്പ് 90186 /-രൂപയുമാണ്.

3. B-12 investment Equity Shares എന്ന ഹെഡിൽ സൂചിപ്പിച്ചിരിക്കുന്ന തുക നിക്ഷേപമിനത്തിലുള്ള തുകയല്ല. ബഡ് സ്കൂൾ നിർമ്മാണത്തിന് നല്കിയ തുകയാണ്. ആയത് പഞ്ചായത്ത് ഫണ്ടിൽ നിക്ഷേപമായി സൂക്ഷിച്ചിരിക്കുന്നു

4. ഇൻകം-എക്സ്പെൻഡിച്ചർ പത്രികയിൽ എംജി.എൻ.ആർ.ഇ.ജിഎസ്സിന്റെ ഇഎഫ്എംഎസ്സ് തുക ഉൾപ്പെടുത്തിയിട്ടില്ല.

5.ബഡ്ജറ്റ് ഫംഗ്ഷൻ - ഫംഗ്ഷനറി അടിസ്ഥാനത്തിൽ തയ്യാറാക്കി സാംഖ്യ വരവ് ചെലവുകളുമായി തുലനം ചെയ്യാവുന്ന വിധത്തിൽ ഉൾപ്പെടുത്തിയിട്ടില്ല.

6.പിരിഞ്ഞു കിട്ടാനുള്ള / ലഭിക്കാനുള്ള തുകകൾക്ക് പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല.

7. B-18 ഷെഡ്യൂളിൽ Advance to implementing agencies ഹെഡിൽ മുൻവർഷം നീക്കിയിരിപ്പായി രേഖപ്പെടുത്തിയിരുന്ന തുക ഇപ്പോഴും നിക്കിയിരിപ്പായി കാണുന്നു. (കേരള വാട്ടർഅതോറിറ്റി_910100 /-, കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ്– 10790 /- ,) തുക ക്രമീകരിച്ചിട്ടില്ല.

## 1-4 സാമ്പത്തിക വിശകലനം

-

| | |
|---|---|
| മുന്നിരിപ്പ് | 29671408 |
| വരവ് | 48015363 |
| ആകെ | 77686771 |
| ചെലവ് | 59614045 |
| നീക്കിയിരിപ്പ് | 18072226 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 2669097 | 9117769 | 11786866 | 11786866 | 0 | 100 |
| വികസനഫണ്ട് എസ്.സി.പി. | 2172770 | 6712323 | 8885093 | 8885093 | 0 | 100 |
| വികസനഫണ്ട് ടി.എസ്.പി. | 0 | 90000 | 90000 | 90000 | 0 | 100 |
| സംരക്ഷണഗ്രാന്റ് റോഡ് | 3098896 | 6442142 | 9541038 | 8659499 | 881539 | 90.76 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 680551 | 2356819 | 3037370 | 3918909 | (-)881539 | 129.02 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 3238185 | 7338636 | 10576821 | 10576821 | 0 | 100 |
| പെർഫോമൻസ് ഗ്രാന്റ് | 3560231 | 3411349 | 6971580 | 6971580 | 0 | 100 |
| എം.എൻ.ആർ.ഇ.ജി.എസ്. | 617 | 636078 | 636695 | 634133 | 2562 | 99.58 |
| ബി ഫണ്ട് | 0 | 19708366 | 19708366 | 19708366 | 0 | 100 |

## 1-6 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 130 | 63597029 | 98 | 45196886 | 25 | 7 | 75.3% |

പൂർത്തീകരിക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ – ഇല്ല

## 1-7 തനത് വരുമാനം.

മുൻവർഷത്തേക്കാൾ സ്ഥാപനത്തിന് ഈ സാമ്പത്തികവർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം 8.54 ശതമാനം വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 4632676 | 4033917 | 598759 | |
| നികുതിയേതര വരവുകൾ | 1347094 | 1678548 | 331454 | |
| മറ്റുവരവുകൾ | 10547518 | 12227492 | 1679974 | |
| ആകെ | 16527288 | 17939957 | 1412669 | 8.54 |

## 1-8 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമ പഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 588960 | 402 |
| കർഷകതൊഴിലാളി പെൻഷൻ | 1624200 | 341 |
| വിധവാപെൻഷൻ | 10605600 | 1572 |
| വാർദ്ധക്യകാലപെൻഷൻ | 3777000 | 953 |
| വികലാംഗപെൻഷൻ | 2465400 | 379 |
| വിധവകളുടെ പെൺമക്കളുടെ വിവാഹം | 450000 | 15 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 15-12-16 ന് സ്ഥാപന തലവന്റെ / ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 24,840/- രൂപ ക്യാഷ് ബാലൻസിന്റെ /നീക്കിയിരിപ്പിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തര നിയന്ത്രണം

ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ലാത്തതിനാൽ ബാലൻസ് ഷീറ്റിൽ ബി 11-ൽ കാണിച്ചിരിക്കുന്ന തുകയുടെ ആധികാരികത പരിശോധിക്കുവാൻ സാധിക്കുന്നില്ല. വാർഡ് അടിസ്ഥാനത്തിൽ ഡി & ഒ ലൈസൻസ് ഫീസ് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ലാത്തതിനാൽ, ലൈസൻസ് , തൊഴിൽ കരം എന്നിവയിൽ വൻ തുക വർഷം തോറും ഗ്രാമപഞ്ചായത്തിന് നഷ്ടപ്പെടുന്നു. ഗ്രാമപഞ്ചായത്തിന്റെ ആസ്തികൾ സംരക്ഷിക്കുന്നതിൽ വേണ്ട ശ്രദ്ധ പുലർത്തുന്നില്ല.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച |
|---|---|---|---|

| | | | |
|---|---|---|---|
| | നടത്തിയ തീയതി | | തീയതി |
| പെർഫോമൻസ് ഓഡിറ്റ് | 18-11-2016 | 10/2016 | ഇല്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 24-08-2014 | 1997-98 മുതൽ 2003-04 വരെ | 24-11-04 |

## ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 2-1 തൊഴിൽ നികുതി ഈടാക്കിയില്ല

കേരള പഞ്ചായത്ത് രാജ് ആക്ട് തൊഴിൽ നികുതി ചട്ടങ്ങൾ , ചട്ടം 16 പ്രകാരം ഒരു അർദ്ധ വർഷത്തെ തൊഴിൽ നികുതി നിർണയത്തിലേക്ക് ജീവനക്കാരുടെ വരുമാനത്തെയോ , ശമ്പളത്തെയോ സംബന്ധിച്ച് വിവരങ്ങൾ സമർപ്പിക്കുവാൻ തൊഴിൽ ഉടമയോട് ഗ്രാമ പഞ്ചായത്ത് സെക്രട്ടറി അവശ്യപ്പെടേണ്ടതും സ്റ്റേറ്റ്മെന്റ് ആധാരമാക്കി നിർണയിച്ച നികുതി ഡിമാന്റ് ചെയ്യേണ്ടതുമായിരിക്കെ, ഗ്രാമ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന ഹരിശ്രീ നഴ്സറി പ്രൈമറി സ്കൂൾ, ഇടവട്ടം, ഹരിശ്രീ സ്കൂൾ, കുനംകുളം എന്നി സ്വാശ്രയ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നിന്നും ജീവനക്കാരുടെ തൊഴിൽ നികുതിയോ, സ്ഥാപന തൊഴിൽ നികുതിയോ ഡിമാന്റ് ചെയ്ത് ഈടാക്കിട്ടുള്ളതായി കാണുന്നില്ല. ആയതിൽ മേൽ വിശദീകരണം തേടി നൽകിയ എൻക്വയറിക്ക് (നം. 9/ 19.12.21016) ലഭിച്ച മറുപടിയിൽ ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കുന്നതുമായി ബന്ധപ്പെട്ട യാതൊരു വിശദീകരണവും നൽകിയിട്ടില്ല. പഞ്ചായത്ത് രാജ് ആക്ട് തൊഴിൽ നികുതി ചട്ടങ്ങൾക്ക് അനുസൃതമായി തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കി അറിക്കേണ്ടതാണ്.

## ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 3-1 പൊതുമരാമത്ത് പ്രവൃത്തികൾ സമയമബന്ധിതമായി പൂർത്തിയാക്കിയില്ല- ഫൈൻ ഈടാക്കാത്തതിനാൽ നഷ്ടം **37,196/** രൂപ.

താഴെ പറയുന്ന പൊതുമരാമത്ത് പ്രവൃത്തികളുടെ ഫയലുകൾ പരിശോധിച്ചതിൽ കരാറുകാർ എഗ്രിമെൻറ് വച്ച് ഏറ്റെടുത്ത വർക്കുകൾ യഥാസമയം പൂർത്തിയാക്കാത്തതിന് കരാറുകാരെക്കൊണ്ട് സപ്ളിമെന്ററിയായി കരാർ വയ്പിച്ച് ഫൈൻ ഈടാക്കിയതായി കാണുന്നില്ല. കരാറുകാർ സമയ ബന്ധിതമായി പൊതുമരാമത്ത് പ്രവൃത്തികൾ പൂർത്തിയാക്കിയില്ലെങ്കിൽ G.O(P) 84/97/PW&T dated 19-08-1997 ഉത്തരവ് അനുസരിച്ചുള്ള പിഴ ഈടാക്കേണ്ടതാണ്. ആദ്യത്തെ മൂന്ന് മാസത്തേയ്ക്ക് പി.എ.സി തുകയുടെ ഒരു ശതമാനവും, തുടർന്നുള്ള ഒരോ മൂന്ന് മാസത്തേയ്ക്കും പി. എ.സി തുകയുടെ രണ്ട് ശതമാനവും ഫൈൻ ഈടാക്കേണ്ടതാണ്. വിശദവിവരം താഴ കൊടുക്കുന്നു.

1. തോട്ടിൻകര- എസ് .സി. കോളനി ഫുഡ്പാത്ത് നിർമ്മാണം, പ്രോജക്ട് നം. 70/15,

(72/16),
അടങ്കൽ തുക 3,35,000/-രൂപ,
കരാറുകാരൻ – ശ്രീ. സുഗതൻ 12% ടെണ്ടർ ഡിഡക്ഷൻ,
എഗ്രിമെൻറ് നം. 13/AE/LSGD/PKLM/14-15 dated.29-09-2014,
M book No.120/15-16.

ടി വർക്കിൻെറ എഗ്രിമെൻറ് തീയതിയായ 29-09-2014 മുതൽ മൂന്ന് മാസകാലാവധിയാണ് കരാറുകാരന് അനവദിച്ച് നൽകിയിട്ടുള്ളത്. 20% ഗ്രേയിസ് പീരീഡ് കൂടി അനവദിച്ചാൽ പോലും 16 – 01 -2015 ന് ടി വർക്ക് പൂർത്തീകരിക്കേണ്ടതാണ്. എന്നാൽ എം ബുക്ക്, വർക്ക് ബില്ല് എന്നിവയനസരിച്ച് വർക്ക് പൂർത്തീകരിച്ചിരിക്കുന്നത് 14-01-2016 നാണ്. മേല്പറഞ്ഞ ഉത്തരവിൻെറ അടിസ്ഥാനത്തിൽ താഴെ പറയുന്നതനസരിച്ചുള്ള ഫൈൻ കരാറുകാരനിൻ നിന്നും ഈടാക്കേണ്ടതായിരുന്നു.

(1) 17 -01-2015 മുതൽ 16-04-2015 വരെയുള്ള ആദ്യത്തെ മൂന്ന് മാസത്തേയ്ക്ക് എസ്റ്റിമേറ്റ് തുകയായ 234928/- രൂപയിൽ നിന്നും ടെണ്ടർ ഡിഡക്ഷൻ 12% കുറവ് ചെയ്തുള്ള തുകയായ 206737/-രൂപയുടെ ഒരു ശതമാനമായ 2067/-രൂപ.

(2) 17 -04 -2015 മുതൽ 16-07 -2015 വരെയുള്ള മൂന്ന് മാസത്തേയ്ക്ക് മേൽപറഞ്ഞ പി. എ.സി തുകയായ 206737/-രൂപയുടെ രണ്ട് ശതമാനമായ 4135/-രൂപ.

(3) 17- 07-2015 മുതൽ 16-10-2015 വരെയുള്ള മൂന്ന് മാസത്തേയ്ക്ക് പി.എ .സി തുകയായ 206737/-രൂപയുടെ രണ്ട് ശതമാനമായ 4135/രൂപ.

(4)17 – 10 -2015 മുതൽ 14-01 -2016 വരെയുള്ള മൂന്ന് മാസത്തേയ്ക്ക് പി. എ. സി തുകയായ 206737/-രൂപയുടെ രണ്ട് ശതമാനമായ 4135/-രൂപ.

ഫൈൻ ഇനത്തിൽ ആകെ 14472/-രൂപ ഗ്രാമപഞ്ചായത്തിന് നഷ്ടം ഉണ്ടായിട്ടുണ്ട്. ടി പ്രവൃത്തിയുടെ അന്തിമ ബിൽ പ്രകാരമുള്ള പ്രവൃത്തി മൂല്യം 2,34,429/-രൂപയാണ്. ആയതിൽ നിന്നും ടെണ്ടർ ഡിഡക്ഷൻ, വാറ്റ്,വെ.ഫണ്ട്, ഐ.ടി എന്നിവ കുറവ് ചെയ്തുള്ള 1,83,997/-രൂപ ബിൽ നം.44/2015-16/21-03-2016 അനുസരിച്ച് മാറി കരാറുകാരന് നൽകിയിട്ടുണ്ട്.

2. പേക്കുളം ആരാധന റോഡ് മെയിൻെറനൻസ് , പ്രോജക്റ്റ് നം. 74/16,
അടങ്കൽ തുക- 3,40,000/-രൂപ,
കരാറുകാരൻ – ശ്രീ. സുരേഷ് കുമാർ റ്റി. 12.99%-ടെണ്ടർ ഡിഡക്ഷൻ,
എഗ്രമെന്റ് നം. 27/AE/LSGD/PKLM/14-15/10 -10 -2014.
M.book No. 663/2014.

16 -09 -2014 ന് സെലക്ഷൻ നോട്ടീസ് നൽകി 10 -10 -2014 ന് എഗ്രിമെന്റ് വച്ച് കരാറുകാരൻ ഏറ്റെടുത്ത ടി പ്രവൃത്തി തുടങ്ങാത്തതിന് 05-01-2015, 18-02-2015, 06 -03 -2015, 27- 07 -2015 എന്നീ തീയതികളിൽ കത്ത് നൽകിയിട്ടുണ്ട്. എഗ്രിമെൻറ് തീയതിയായ 10-10-2014 മുതൽ ഉള്ള മൂന്ന് മാസവും, ആയതിൻെറ 20% ഗ്രേയ്സ് പിരീഡ്

കൂടി നൽകിയാൽ പോലും ടി വർക്ക് 28 -01 -2015 ന് പൂർത്തീകരിക്കേണ്ടതാണ്. എന്നാൽ പ്രവൃത്തി പൂർത്തീകരിച്ച് എം ബുക്ക്, വർക്ക് ബില്ല് എന്നിവയിൽ അളവ് രേഖപ്പെടുത്തിയിരിക്കുന്നത് 28 – 02 -2016 നാണ്. ആയതിനാൽ മേല്പറഞ്ഞ ഉത്തരവിൻെറ അടിസ്ഥാനത്തിലുള്ള ഫൈൻ താഴെ പറയുന്നതനുസരിച്ച് കണക്കാക്കി കരാറുകാരനിൽ നിന്നും ഈടാക്കേണ്ടതായിരുന്നു.

(1) 29 -01 -2015 മുതൽ 28-04 -2015വരെയുള്ള ആദ്യത്തെ മൂന്ന് മാസത്തേയ്ക്ക് എസ്റ്റിമേറ്റ് തുകയായ 3,39,670/-രൂപയിൽ നിന്നും ടെണ്ടർ ഡിഡക്ഷൻ 12.99% കുറവ് ചെയ്തുള്ള തുകയായ 2,95,547/-രൂപയുടെ ഒരു ശതമാനമായ 2955/രൂപ.

(2) 29 -04 -2015 മുതൽ 28-07 -2015 വരെയുള്ള മൂന്ന് മാസത്തേയ്ക്ക് പി.എ.സി തുകയായ 2,95,547/-രൂപയുടെ രണ്ട് ശതമാനമായ 5911/-രൂപ .

(3) 29-07-2015 മുതൽ 28-10 -2015 വരെയുള്ള മൂന്ന് മാസത്തേയ്ക്ക് പി. എ.സി. തുകയായ 2,95,547/-രൂപയുടെ രണ്ട് ശതമാനമായ 5911/-രൂപ.

(3) 29-10-2015 മുതൽ 28-01-2016 വരെയുള്ള മൂന്ന് മാസത്തേയക്ക് പി.എ.സി തുകയായ 2,95,547/-രൂപയുടെ രണ്ട് ശതമാനമായ 5911/-രൂപ.

(4) 29-01-2016 മുതൽ 28-02-2016 വരെയുള്ള 31 ദിവസത്തേയ്ക്ക് പി.എ.സി തുകയായ 2,95,547/-രൂപയുടെ രണ്ട് ശതമാനം തുകയ്ക്ക് ആനുപാതികമായ 2036/-രൂപ. ആകെ 22,724/രൂപ(2955+5911+5911+5911+2036) ഫൈൻ ഇനത്തിൽ ഗ്രാമപഞ്ചായത്തിൽ ഒടുക്ക് വരുത്തേണ്ടതായിരുന്നു. ഫൈൻ ഒഴിവാക്കി നൽകുന്നതിന് കരാറുകാരൻ അപേക്ഷ സമർപ്പിക്കുകയോ, ആയതിൻെറ അടിസ്ഥാനത്തിൽ ടിയാൻെറ അപേക്ഷ പരിഗണിച്ച് പഞ്ചായത്ത് കമ്മറ്റി ഫൈൻ ഒഴിവാക്കി നൽകുകയോ ചെയ്തിട്ടില്ലാത്തതിനാൽ 22,724/രൂപ കരാറുകാരനിൽ നിന്നോ, ഫൈൻ ഈടാക്കുന്നതിൽ വീഴ്ച വരുത്തിയ അസിസ്റ്റൻറ് എഞ്ചിനീയറിൽ നിന്നോ ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ ഒടുക്കുവരുത്തേണ്ടതാണ്.

ടി വർക്കിൻെറ ആകെ പ്രവൃത്തി മൂല്യം 3,39,670/-രൂപയാണ്, ആയതിൽ നിന്നും ടെണ്ടർ ഡിഡക്ഷൻ 12.99%, വാറ്റ്, ഐ.ടി, വെൽഫെയർ ഫണ്ട് എന്നിവ കുറവ് ചെയ്തുള്ള 2,77,815/-രൂപ ബിൽ നം. 52/2015-16 /30-03-2016 അനുസരിച്ച് മാറി കരാറുകാരന് നൽകിയിട്ടുണ്ട്.
രണ്ടു പ്രവൃത്തികളിലുമായി പിഴ ഇനത്തിൽ ഈടാക്കേണ്ടിയിരുന്ന(14472 +22724) 37196/-രൂപ ബന്ധപ്പെട്ട കരാറുകാരനിൽ നിന്നോ ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നോ ഈടാക്കി തനത് ഫണ്ടിൽ ഒടുക്ക് വരുത്തേണ്ടതാണ്.

## 3-2 ഇലക്ഷൻ കമ്മീഷൻ വിഹിതം ലഭ്യമാക്കിയില്ല-30000/-രൂപ തടസ്സപ്പെടുത്തുന്നു

2015 ലെ പഞ്ചായത്ത് തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് ഫോട്ടോപതിച്ച വോട്ടർ ഐഡി കാർഡ് വിതരണം ചെയ്ത ഇനത്തിൽ 20 ഹൗസ് വെരിഫിക്കേഷൻ ഓഫീസർമാർക്ക് ഓണറേറിയം നൽകിയ ഇനത്തിൽ തനത് ഫണ്ടിൽ നിന്നും 40000/-രൂപ ചെലവ്

ചെയ്തിട്ടുണ്ട്. (വൗച്ചർ നമ്പർ 21500054/18.04.2015, ചെക്ക് നമ്പർ 19651/18.04.2015).ടി തുകയിൽ 30000/-രൂപ (20x1500) ഇലക്ഷൻ കമ്മീഷനിൽ നിന്നും തനത്ഫണ്ടിൽ ലഭ്യമാക്കേണ്ടതാണ്. എന്നാൽ ടി തുക നാളിതുവരെ തനത് ഫണ്ടിൽ ലഭ്യമാക്കിയിട്ടില്ല. ഈ വിഷയത്തെ സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി(നം. 04/15.12.2016 )നൽകിയതിന് ഇലക്ഷൻ കമ്മീഷൻ വിഹിതം ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കും എന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ആയതിനാൽ 30000/-രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. തുക ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിച്ച് തടസ്സം ഒഴിവാക്കേണ്ടതാണ്.

## **3-3** <u>മീഡിയാശ്രീ -കൈപ്പറ്റ് രസീത് ഹാജരാക്കിയില്ല.**65000/-**രൂപ തടസ്സപ്പെടുത്തുന്നു</u>

പ്രോജക്റ്റ് നമ്പർ- 129/2016

മീഡിയാശ്രീ പ്രോജക്ടിൽ ഉൾപ്പെടുത്തി ബിൽ നമ്പർ 7/15-16 / 17.10.2015 പ്രകാരം 65000/- രൂപ പിൻവലിച്ച് കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ , ജില്ലാ മിഷന് നൽകിയിട്ടുണ്ട്. തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ ചരിത്രം, നിലവിലെ ഭരണ സമിതിയുടെ നേട്ടങ്ങൾ ഇവയുടെ ഡോക്യുമെന്ററി ചിത്രീകരണത്തിനാണ് തുക വിനിയോഗിക്കേണ്ടത്. ടി തുക നൽകിയ ഡി ഡിയുടേയും കൈപ്പറ്റിയതിന്റേയും വിവരങ്ങൾ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. ഇത് സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി(നം. 08 / 19.12.2016) നൽകിയതിന് കൈപ്പറ്റ് രസീത് ഹാജരാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ഈ സാഹചര്യത്തിൽ 65000/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. കൈപ്പറ്റ് രസീത് ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## **3-4** <u>ലൈസൻസ് ഇല്ലാത്ത ഗുണഭോക്താവിന് ഓട്ടോറിക്ഷ വാങ്ങുന്നതിന് സബ്സിഡി **-50,000/-** രൂപ നിരാകരിക്കുന്നു</u>

പ്രോജക്റ്റ് നമ്പർ – SO 108/2016

പട്ടികജാതി യുവാക്കൾക്ക് ഓട്ടോറിക്ഷ വാങ്ങൽ

അസിസ്റ്റന്റ് സെക്രട്ടറി നിർവഹണം നടത്തിയ പ്രസ്തുത പ്രോജക്ടിൽ ഉൾപ്പെടുത്തി ഓട്ടോറിക്ഷ വാങ്ങുന്നതിന് സബ്സിഡി ആയി 50000/-രൂപ ശ്രീ.സന്തോഷ്, രാധിക ഭവൻ, കലയ്ക്കോട് എന്ന ഗുണഭോക്താവിന് നൽകിയിട്ടുണ്ട്. (ബിൽ നമ്പർ 04/15-16/ 11.08.2015). എന്നാൽ ടിയാളുടെ ലൈസൻസ് പരിശോധിച്ചതിൽ ഓടിക്കാൻ യോഗ്യതയുള്ള വാഹനങ്ങളുടെ വിഭാഗത്തൽ ഓട്ടോറിക്ഷ ഇല്ല. ഈ വിഷയത്തെ സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി(നം. 08 / 19.12.2016) നൽകിയതിന് ലഭിച്ച മറുപടി തൃപ്തികരമല്ല. ആയതിനാൽ 50000/-രൂപയുടെ ചെലവ് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. ടി തുക ഉത്തരവാദിയായ അസിസ്റ്റന്റ് സെക്രട്ടറിയിൽ നിന്നും ഈടാക്കേണ്ടതാണ്.

## **3-5** <u>പൊതുടാപ്പുകളുടെ വെള്ളക്കരം-സംയുക്ത പരിശോധന നടത്തി രജിസ്റ്റർ പരിപാലിക്കുന്നില്ല</u>

2015-2016 സാമ്പത്തിക വർഷത്തിൽ പൊതുടാപ്പുകളുടെ വെള്ളക്കരമായി മെയിന്റനൻസ് ഗ്രാന്റ് റോഡിതരത്തിൽ നിന്നും 1674756/-രൂപ ചെലവ് ചെയ്തിട്ടുണ്ട്. 319 ടാപ്പുകൾക്ക് 5250/-രൂപ പ്രതിവർഷം എന്ന ക്രമത്തിലാണ് മേൽ തുക ഈടാക്കിയിട്ടുള്ളത്. ജി. ഒ (ആർ ടി) 2242/2011/ത.സ്വ.ഭ.വ തീയതി 28.09.2011 പ്രകാരം തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ വാട്ടർ അതോറിറ്റിയുമായി ചേർന്ന് സംയുക്ത പരിശോധന നടത്തി ടാപ്പുകളുടെ എണ്ണം നിജപ്പെടുത്തി രജിസ്റ്റർ പരിപാലിക്കണമെന്ന് വ്യവസ്ഥ ചെയ്യുന്നു. ഈ വിഷയത്തെ സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി(നം. 02 / 16.12.2016 )നൽകിയതിന് സംയുക്ത പരിശോധന നടത്തുന്നതിന് നടപടി സ്വീകരിക്കുമെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. വാട്ടർ അതോറിറ്റിയുമായി ചേർന്ന് സംയുക്തപരിശോധന നടത്തി ടാപ്പുകളുടെ എണ്ണം നിജപ്പെടുത്തി രജിസ്റ്റർ പരിപാലിക്കേണ്ടതാണ്.

## 3-6 വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല- 111614/- രൂപ തടസ്സപ്പെടുത്തുന്നു.

പ്രോജക്ട് നമ്പർ – S0133/2016

പുന്നേക്കുളം പട്ടികജാതി കോളനിയിലേക്ക് വൈദ്യുതി ലൈൻ നീട്ടൽ

ടി പ്രോജക്ടിൽ ഉൾപ്പെടുത്തി ബിൽ നമ്പർ 33/2015-2016/ 22.03.2016 പ്രകാരം 111614/-രൂപ പിൻവലിച്ച് ഡെപ്പോസിറ്റ് വർക്കായി ചെയ്യുന്നതിന് കേരള ഇലക്ട്രിസിറ്റി ബോർഡിൽ ഒടുക്കിയിട്ടുണ്ട് (ഡി ഡി നമ്പർ188003/ 23.03.2016).നാളിതുവരെ വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല.

ഈ വിഷയത്തെ സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി( നം. 8 /19.12.2016) നൽകിയതിന് വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കുന്നതാണ് എന്ന മറുപടി ലഭ്യമാക്കിയിട്ടുണ്ട്. വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കാത്തതിനാൽ 111614/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

## 3-7 കന്നുകാലികളിലെ വന്ധ്യതാനിവാരണം -അനുവദനീയമല്ലാത്ത പദ്ധതി – തടസ്സപ്പെടുത്തുന്നതുക 25000 /- രൂപ

നിർവ്വഹണ ഉദ്യോഗസ്ഥൻ – വെറ്റിനറി സർജൻ

കന്നുകാലികളിലെ വന്ധ്യതാനിവാരണം പദ്ധതിയ്ക്കായി (S00117 /16) 25000 /- രൂപ വികസനഫണ്ട് പൊതുവിഭാഗം സാധാരണ വിഹിതം വകയിരുത്തി ബിൽ നം. 8/15-16/ 30.3. 16 പ്രകാരം പിൻവലിച്ച് 22500 /- രൂപ മരുന്ന് വാങ്ങുന്നതിനായി രാജാ മെഡിക്കൽ സ്റ്റോർ, മുക്കട, കുണ്ടറയ്ക്കും ( ഇൻവോയ്സ് നം.W23 – 25.3.2016 ) , 2500 /- രൂപ ക്യാമ്പ് സംഘടിപ്പിച്ചതിനും( ഭക്ഷണം- 580 /-, വാഹനകൂലി 320 /- , രോഗ നിർണ്ണയം നടത്തി ചികിത്സ നല്കിയതിനും ക്ലാസെടുത്തതിനും റിട്ടയേർഡ് ഡോക്ടർക്ക് ഓണറേറിയം 1200 /- , കുറ്റികൾ അടിച്ച് അടിസ്ഥാന സൗകര്യം ഒരുക്കിയതിന് - 400 /-) നല്കിയിട്ടുണ്ട് (ഡിഡി

നം. 188161 /30.3.2016 – 22500 /-, ഡിഡി നം. 188160 /30.3.2016 – 2500 /- ). വെറ്റിനറി സർജൻ മത്സര സ്വാഭാവമുള്ള ക്വട്ടേഷനുകൾ ക്ഷണിച്ച് ഔഷധങ്ങൾ ലഭ്യമാക്കുന്നതിനും ആയതിന്റെ ഗുണമേന്മ ഉറപ്പുവരുത്തി സൗജന്യമായി കർഷകർക്ക് നല്കുന്നതിനുമാണ് പദ്ധതി . ക്യാമ്പ് നടത്തുന്നതിന് പദ്ധതിയിൽ തുക വകയിരുത്തിയിരുന്നില്ല.

മൃഗ സംരക്ഷണ ഡെപ്യൂട്ടി ഡയറക്ടർ പക്കൽ നിന്നുള്ള നോൺ അവയിലബിലിറ്റി സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിലാണ് മരുന്ന് വാങ്ങേണ്ടത്. നോൺ അവയിലബിലിറ്റി സർട്ടിഫിക്കറ്റ് ഫയലിൽ ഇല്ല. സബ്സിഡി മാർഗ്ഗരേഖയിൽ (ജി.ഒ (എം.എസ്) 362/ 2013/ തസ്വഭവ 16.11.2013) യിൽ മൃഗസംരക്ഷണം , ക്ഷീര വികസനം സംബന്ധിച്ച നിർദ്ദേശത്തിൽ വകുപ്പ് പരിപാടികളുടെ ആവർത്തനമാകരുത് തദ്ദേശഭരണ സ്ഥാപനങ്ങൾ ഏറ്റെടുക്കുന്ന പദ്ധതികൾ എന്ന് വ്യക്തമാക്കിയിട്ടുണ്ട്. വന്ധ്യതാനിവാരണം സബ്സിഡി മാർഗ്ഗരേഖയിൽ (ജി.ഒ (എം.എസ്) 362/ 2013/ തസ്വഭവ 16.11.2013) യിൽ ഉൾപ്പെട്ട പദ്ധതിയല്ല . മാർഗ്ഗരേഖ അനുബന്ധം 16 പൊതു നിബന്ധന 2-2 പ്രകാരം മാർഗ്ഗരേഖയിൽ പ്രതിപാദിച്ചിട്ടില്ലാത്ത മറ്റേതെങ്കിലും ഇനത്തിനോ, ഓരോ ഇനത്തിനും പറഞ്ഞ പ്രകാരമല്ലാത്ത വിഭാഗങ്ങൾക്കോ , ഓരോഇനത്തിനും പറഞ്ഞിട്ടുള്ളതിൽ അധികരിച്ച നിരക്കിലോ തുകയിലോ സബ്സിഡി നല്കുന്നതിന് സർക്കാരിന്റെ മുൻകൂർ അനുമതി ആവശ്യമാണ്. കാലികളിലെ വന്ധ്യതാനിവാരണം പരിപാടികൾ മൃഗസംരക്ഷണ വകുപ്പ് മുഖേന നടപ്പാക്കുന്നതാകയാൽ ഇതിന് ആവർത്തനമായി പദ്ധതി പണം വിനിയോഗിച്ചതിന് വിശദീകരണം ആരാഞ്ഞ് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് ( നം. 13/20.12.16) മറുപടിയായി തൻവർഷം വകുപ്പ് മുഖേന ഈ പദ്ധതി നടപ്പാക്കിയിട്ടില്ലാത്തതാണെന്നും, ഗ്രാമസഭയിൽ ഉയർന്നുവന്ന അഭിപ്രായങ്ങളുടെ അടിസ്ഥാനത്തിൽ പഞ്ചായത്ത് ഭരണസമിതി പദ്ധതി രൂപീകരിക്കുന്നതിന് വെറ്റിനറി സർജനെ ചുമതലപ്പെടുത്തിയതാണെന്നും, പഞ്ചായത്ത് ഭരണസമിതിയും ആസൂത്രണസമിതിയും അംഗീകരിച്ചതിന്റെ അടിസ്ഥാനത്തിലാണ് പദ്ധതി നടപ്പിലാക്കിയതെന്നുമാണ് വിവരം നൽകിയിട്ടുള്ളത്. നോൺ അവയിലബിലിറ്റി സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിലാണ് മരുന്ന് വാങ്ങിയതെന്നും, അത് ഫയലിൽ നിന്നും നഷ്ടപ്പെട്ടുവെന്നും, ആയത് പരിശോധനയ്ക്ക് ഹാജരാക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. അനുവദനീയമല്ലാത്ത പദ്ധതി നടപ്പാക്കിയതിനാലും മരുന്ന് വാങ്ങിയതിന് നോൺ അവയിലബിലിററി സർട്ടിഫിക്കറ്റ് ഹാജരാക്കാത്തതിനാലും 25000 /- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

### 3-8 <u>സമഗ്ര സ്പോർട്സ് വികസനം – മാർഗ്ഗ രേഖ പ്രകാരം അനുവദനീയമല്ലാത്ത പദ്ധതി</u>

പദ്ധതി നം. - SO128/16

അടങ്കൽ - വികസനഫണ്ട് ( ധനകാര്യ കമ്മീഷൻ അവാർഡ്) -160000/-

ചെലവ് -160000 /- (ബിൽ നം. 2/15 -16/28.3.16)

പഞ്ചായത്തിലെ 8 വയസ്സുമുതൽ 15 വയസ്സ് വരെ പ്രായമുള്ള കുട്ടികളിൽ കായികമായി

മുന്നാക്കം നിൽക്കുന്ന കുട്ടികളെ സ്കൂളുകളിൽ നിന്ന് കായികക്ഷമതാ പരിശോധനയിലൂടെ തെരഞ്ഞെടുത്ത് കായിക പരിശീലകരുടെ മേൽ നോട്ടത്തിൽ പഞ്ചായത്തിലെ രണ്ടു കേന്ദ്രങ്ങളിൽ വച്ച് പരിശീലിപ്പിക്കുന്നതാണ് പദ്ധതി. 40കുട്ടികൾക്ക് കായിക പരിശീലനം നല്കുന്നതിനായി സ്പൈക്സ് സ്പോർട്ട്സ് വേൾഡ്, ചാത്തന്നൂർ എന്ന സ്ഥാപനത്തിൽ നിന്നും കായിക ഉപകരണങ്ങളും (സ്ഥാപനത്തിന്റെ ബിൽ നം.B699 /3.3.2016) വാങ്ങിയ ഇനത്തിൽ 20000 /- രൂപയും സ്ലാസൻ സ്പോർട്ട്സ് , കുടവൂർ, പോത്തൻകോട് എന്ന സ്ഥാപനത്തിൽ നിന്നും ജഴ്സിയും ട്രാക്ക് പാന്റ്സും വാങ്ങിയതിന് (ബിൽ നം.221/ 2.3.2016) 20,000 /-രൂപയുംചെലവഴിച്ചു.(ഡി.ഡി.നം.188151/30.3.2016,18850 /30.3.2016). ഭക്ഷണത്തിനായി 96000 /- രൂപയും (ഡിഡി നം. 188154 /30.3.2016) 20 കുട്ടികൾക്ക് 80 ദിവസം കലയ്ക്കോട് യു.പി.എസ് സെന്ററിൽ കായിക പരിശീലനം നല്കിയതിന് നെടുങ്ങോലം ഗവ. എച്ച്. എസ്.എസ്. അധ്യാപികയ്ക്കും , 20 കുട്ടികൾക്ക് 80 ദിവസം ഭൂതക്കുളം ഗവ. ഹയർ സെക്കന്ററി സ്കൂളിൽ വച്ച് കായിക പരിശീലനം നല്കിയതിന് ഭൂതക്കുളം ഗവ. ഹയർ സെക്കന്ററി സ്കൂളിലെ അധ്യാപകനും 12000 /- (150 X80) രൂപ വീതം 24000/- രൂപ ഓണറേറിയവും നല്കിയിട്ടുണ്ട്. (ഡിഡി നം. 188153 /30.3.2016, 188152 /30.3.2016)

12-ാം പഞ്ചവത്സര പദ്ധതി സബ്സിഡി മാർഗ്ഗ രേഖ ജി.ഒ.(എം.എസ്) 362/13 ത.സ്വ.ഭ.വ 16.11.13 പ്രകാരം വികസനഫണ്ടിൽ നിന്നും ഓണറേറിയം നല്കുന്നതിന് നിയന്ത്രണമുണ്ട്. പന്ത്രണ്ടാം പഞ്ചവത്സര പദ്ധതി മാർഗ്ഗ രേഖ അനുബന്ധം 1 മേഖലകൾക്കുള്ള നിർദ്ദേശങ്ങളിലെ ( കായിക വിനോദ സൗകര്യങ്ങൾ ) നിർദ്ദേശം 16 (2) ൽ ഗ്രാമ പഞ്ചായത്തുകൾ സ്പോർട്ട്സ് കൗൺസിലുകൾ സജീവമാക്കണമെന്നും സംസ്ഥാന / ജില്ലാ സ്പോർട്സ് കൗൺസിലുകളുടെ പങ്കാളിത്തത്തോടെ ശാസ്ത്രീയ പരിശീലന പരിപാടികൾ രൂപ കല്പന ചെയ്ത് നടപ്പാക്കുന്നതിനാണ് അനുമതി നല്കിയിട്ടുള്ളത്. സബ്സിഡി മാർഗ്ഗ രേഖയിലെ അനുബന്ധം 18 പൊതു നിർദ്ദേശം 2-2ൽ സബ്സിഡി മാർഗ്ഗ രേഖയിൽ പ്രതിപാദിച്ചിട്ടില്ലാത്ത മറ്റേതെങ്കിലും ഇനത്തിനോ, ഓരോ ഇനത്തിനും പറഞ്ഞപ്രകാരമല്ലാത്ത വിഭാഗങ്ങൾക്കോ, ഓരോ ഇനത്തിനും പറഞ്ഞിട്ടുള്ളതിൽ അധികരിച്ച നിരക്കിലോ തുകയിലോ സബ്സിഡി നല്കുന്നതിന് സർക്കാരിന്റെ മുൻകൂർ അനുമതി ആവശ്യമാണ്. കൂടാതെ നിർദ്ദേശം 7.10ൽ ഉല്പാദനകരമല്ലാത്ത പരിപാടികളായ ബോധവല്ക്കരണ ക്യാമ്പുകൾ മേളകൾ എന്നിവയ്ക്ക് നിയന്ത്രണമുണ്ട്. നിർദ്ദേശം 2.3 ൽ സബ്സിഡി മാനദണ്ഡങ്ങളുടെ ലംഘനം തദ്ദേശഭരണ സ്ഥാപനങ്ങളുടെ ഫണ്ടിന്റെ ദുർ വിനിയോഗമായി കണക്കാക്കുമെന്നുമുണ്ട്. മാർഗ്ഗ രേഖയിലെ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി സർക്കാരിന്റെ മുൻകൂർ അനുമതിയില്ലാതെ മേല്പറഞ്ഞ പദ്ധതിആവിഷ്ക്കരിച്ച് നടപ്പിലാക്കിയതിന് വിശദീകരണം ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണം നം. 14/20.12.2016 നുള്ള മറുപടിയിൽ സ്പോർട്സ് വികസനം ലക്ഷ്യമാക്കി വർഷങ്ങളായി പഞ്ചായത്തിൽ നടപ്പിലാക്കി വരുന്ന പദ്ധതിയാണെന്നും, പരിശീലകരായിട്ടുള്ള അദ്ധ്യാപകർ ജില്ലാ സംസ്ഥാനതല കായിക മത്സരങ്ങളിൽ പരിശീലകരായും സംഘാടകരായും പ്രവർത്തിച്ചിട്ടുള്ളവരാണെന്നും അവർ ഡ്യൂട്ടി സമയത്തിന്ശേഷം സേവനമായി കുട്ടികൾക്ക് മികച്ച പരിശീലനം നല്കുന്നതിന് യാത്രാചെലവുകൾക്കും

അനുബന്ധ ചെലവുകൾക്കുമായി ചെറിയ ഒരു പ്രതിഫലം മാത്രമാണ് പദ്ധതിയിൽ നിന്നും നല്കിയതെന്നുമാണ്. പദ്ധതി മാർഗ്ഗരേഖ പ്രകാരം അനുവദനീയമല്ലാത്ത പദ്ധതികൾ നടപ്പിലാക്കാതിരിക്കാൻ ഭാവിയിൽ ശ്രദ്ധിക്കേണ്ടതാണ്.

## 3-9 കൃഷി ഓഫീസർ നടപ്പിലാക്കിയ പദ്ധതികളിലെ അപാകതകൾ

1.വാങ്ങുന്ന ഇനങ്ങളുടെ കൃത്യമായ ബില്ല് സൂക്ഷിക്കുന്നില്ല.

പദ്ധതി – കുരുമുളക് കൃഷിക്ക് തൈ, ജൈവവളം എന്നിവയ്ക്ക് സബ്സിഡി (SO112/16)
അടങ്കൽ -1,20000/-രൂപ (വികസന ഫണ്ട് പൊതുവിഭാഗം -90000/-രൂപ , ഗുണഭോക്തൃ വിഹിതം സ്ഥാപനത്തിൽ അടയ്ക്കുന്നത് – 30,000/-രൂപ)

ചെലവ് – 76000/- രൂപ (ബിൽ നം. 5/15 -16 /30.3.2016-57000 /-;ചെക്ക് നം. 188251 /31.3.2016 -9500 /-188254 /31.3.2016- 9500 /-)
(വികസന ഫണ്ട് -57,000/-രൂപ , ഗുണഭോക്തൃവിഹിതം -19,000/-രൂപ)
2015-16 സാമ്പത്തിക വർഷം കൃഷി ഓഫീസർ നടപ്പിലാക്കിയ മേല്പറഞ്ഞ പദ്ധതിയിൽ കുരുമുളക് കൃഷിക്ക് 95 ഗുണഭോക്താക്കൾക്കാണ് ആനുകൂല്യം നല്കിയിരിക്കുന്നത്. പൂതക്കുളം സർവ്വീസ് സഹകരണ ബാങ്കിന്റെ ഇൻവോയ്സ് നം. 2/15-16/ 30.3.2016 പ്രകാരം 150 യൂണിറ്റിനാണ് വളം വില കാണിച്ചിരിക്കുന്നത് (തുക 60007 /- നല്കിയ തുക – 38,000/-രൂപ (28500 /-പ്ലാൻ, 9500 /- ഗുണഭോക്തൃ വിഹിതം). അഞ്ചൽ കൃഷി ഫാമിൽ നിന്നുള്ള തൈകളുടെ ഇൻവോയ്സും150 യൂണിറ്റിനാണ് (നം. 251/2015-16 / 23.3.2016 തുക 60000 /-രൂപ .) തുക നല്കിയിരിക്കുന്നത് 95 യൂണിറ്റിനാണ് (നല്കിയ തുക 38,000/-രൂപ (28500 /-പ്ലാൻ, 9500 /- ഗുണഭോക്തൃ വിഹിതം. ). രണ്ടു സ്ഥാപനങ്ങളിൽ നിന്നുമുള്ള ബില്ല് ഫയലിൽ ഇല്ല. സ്ഥാപനങ്ങളിൽ നിന്നും ബില്ല് വാങ്ങാതെ ഇൻവോയ്സ് തുകയിൽ നിന്നും 95 യൂണിറ്റിന്റെ വിലയിൽ ലിമിറ്റ് ചെയ്ത് തുക നല്കുകയാണുണ്ടായത്. ബില്ല് പരിശോധനയ്ക്ക് ഹാജരാക്കണമെന്നാവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം.12/ 20.12.16)മറുപടി ലഭ്യമാക്കിയില്ല.വാങ്ങുന്ന ഇനങ്ങളുടെ കൃത്യമായ ബില്ല് സൂക്ഷിക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

2.പദ്ധതി പ്രകാരമുള്ള വരവ്ചെലവ് കണക്കുകൾ TR -7A കാഷ് ബുക്കിൽ എഴുതി സൂക്ഷിക്കുന്നില്ല.

## 3-10 എബിസി പ്രോഗ്രാം - മോണിട്ടറിംഗ് നടത്തിയതിന്റെ രേഖകളില്ല

എബിസി പദ്ധതിയിൽ മോണിട്ടറിംഗ് റിപ്പോർട്ടില്ലാതെ തുക നല്കി.

വെറ്റിനറി സർജൻ നടപ്പിലാക്കിയ എബിസി പ്രോഗ്രാം (SO118/16 ) പദ്ധതിയിൽ നായ്ക്കളെ തെരുവിൽ നിന്ന് പിടിച്ച് വന്ധ്യംകരിച്ച് തിരികെ അവയുടെ വാസസ്ഥലത്ത് കൊണ്ടുവിടുന്നതിന് നായ ഒന്നിന് 1300 /- രൂപയ്ക്കുള്ള എസ്.പി.സി.എ കൊല്ലത്തിന്റെ ഏക ടെണ്ടർ അംഗീകരിച്ച് 154 എണ്ണം നായ്ക്കളെ വന്ധ്യംകരിച്ചതിന് 2.00,000 /- രൂപ എസ്.പി.സി.എ യ്ക്ക് നല്കിയിട്ടുണ്ട് (ബിൽനം. 6/15-16 /30.3.2016 – 131300 /- ; ബിൽനം. 7/15-16 /30.3.2016 – 68700 /; ഡി.ഡി. നം. 18858 &188159 /30.3.2016). കൊല്ലം ജില്ലാ

കളക്ടർക്കുവേണ്ടി ഡെപ്യൂട്ടി കളക്ടർ (ജനറൽ ) 28.11.14 ൽ ഒപ്പുവച്ച് അംഗീകാരം നല്കിയ മാർഗ്ഗരേഖയിൽ പറയുന്ന പ്രകാരം പഞ്ചായത്തിലെ വെറ്ററിനറി സർജൻ , പ്രസിഡന്റ്, വാർഡ് മെമ്പർ , എസ്.പി.സി.എ യുടെ പ്രതിനിധി എന്നിവരടങ്ങുന്ന കമ്മിറ്റി പദ്ധതി നിർവ്വഹണം അവലോകനം ചെയ്ത് റിപ്പോർട്ട് തയ്യാറാക്കേണ്ടതാണ്. ഇപ്രകാരം ഒരു മോണിട്ടറിംഗ് റിപ്പോർട്ടില്ലാതെയാണ് തുക നല്കിയിരിക്കുന്നത്. മാർഗ്ഗരേഖയിൽ പറയുന്ന പ്രകാരമുള്ള മോണിട്ടറിംഗ് റിപ്പോർട്ട് ആവശ്യപ്പെട്ടുനല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 13/20.12.2016) എബിസി പദ്ധതിയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ കമ്മിറ്റി അവലോകനം നടത്തിയിട്ടുള്ളതാണെന്നും, റിപ്പോർട്ട് ഹാജരാക്കാമെന്നുമാണ് മറുപടി നല്കിയിട്ടുള്ളത്. റിപ്പോർട്ട് ലഭ്യമാക്കുംവരെ 2,00,000 /- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-11 പശു വളർത്തൽ പദ്ധതി -സ്വന്തം പശുവിനെ മറ്റൊരു ഗുണഭോക്താവിന് വില്ക്കുകയും പദ്ധതി പ്രകാരം പശുവിനെ വാങ്ങി സബ്സിഡി കൈപ്പറ്റുകയും ചെയ്തു

പദ്ധതി അടങ്കൽ – 770400 /- രൂപ (രൂപവികസനഫണ്ട് പൊതുവിഭാഗം സാധാരണവിഹിതം – 360000 /-, ഗുണഭോക്തൃ വിഹിതം സ്ഥാപനത്തിലടയ്ക്കുന്നത് – 360000 /- രൂപ, ഗുണഭോക്തൃ വിഹിതം നേരിട്ട് – 50400 /- രൂപ )
ചെലവ് – ബിൽ നം. 1/116/5- 18.2.2016 – 180000 /-രൂപ; 4/15-16 / 26.3.2016 – 165000 /-രൂപ; ചെക്ക് നം. 0740595 /11.2.2016 – 165000 /- രൂപ; 2016462/22.3.2016 – 165000 /-രൂപ)
ഒരു ഗുണഭോക്തൃ കുടുംബം മറ്റൊരു ഗുണഭോക്താവിന് പശുവിനെ വിൽക്കുകയും പദ്ധതി പ്രകാരം പശുവിനെ വാങ്ങുകയും ചെയ്തു

വെറ്ററിനറി സർജൻ നടപ്പിലാക്കിയ പശു വളർത്തൽ പദ്ധതിയിൽ (SO115 /16 ആനുകൂല്യം കൈപ്പറ്റിയ ശ്രീമതി . ശ്രീജ .ഒ.എസ് , ത്രയംബകം, പൂതക്കുളം , വാർഡ് - 135-
ശ്രീ. മണികണ്ഠൻ പിള്ള രാധാമന്ദിരം , ഇടവട്ടം എന്ന വ്യക്തിയിൽനിന്നും പശുവിനെ വാങ്ങി. ഡിഡിനം. 188080 /28.3.2016, 188117/ 29.3.1 പ്രകാരം പദ്ധതി വിഹിതം 15000 /- രൂപയും ഗുണഭോക്തൃ വിഹിതം 15000 /- രൂപയും പദ്ധതിയിൽ നിന്നും വിറ്റ വ്യക്തിക്ക് നല്കി. ശ്രീമതി . ശ്രീജ .ഒ.എസ് , ത്രയംബകം, പൂതക്കുളം , വാർഡ് - 13 എന്ന വ്യക്തിയുടെ ഭർത്താവ് ശ്രീ. രാജേന്ദ്രൻ പിള്ളയാണ് ( റേഷൻ കാർഡ് നം. 1207270110) മറ്റൊരു ഗുണഭോക്താവായ ശ്രീമതി. ചന്ദ്രികയമ്മ, ചുനയ്ക്കുമൂല, കലയ്ക്കോടിന് ( വാർഡ് - 15 ) പശുവിനെ നല്കി വിലകൈപ്പറ്റിയിരിക്കുന്നത്. (ഡിഡിനം. 188111 /29.3.2016, 188074/ 29.3.1 6 പദ്ധതി വിഹിതം 15000 /- രൂപ; ഗുണഭോക്തൃ വിഹിതം 15000 /- രൂപ ). നിലവിൽ ഒരു പശുവുണ്ടായിരുന്ന വ്യക്തി അതേ പദ്ധതിയിലെ മറ്റൊരു ഗുണഭോക്താവിന് പശുവിനെ വിൽക്കുകയും മറ്റൊരു പശുവിനെ വാങ്ങുന്നതിനായി ആനുകൂല്യം കൈപ്പറ്റുകയും ചെയ്തത് പദ്ധതി പണത്തിന്റെ ദുരുപയോഗമാണ്. പന്ത്രണ്ടാം പഞ്ച വത്സര പദ്ധതി തദ്ദേശഭരണ സ്ഥാപനങ്ങളുടെ പദ്ധതി ആസൂത്രണവും സബ്സിഡിയും അനുബന്ധ

വിഷയങ്ങളും സംബന്ധിച്ച പരിഷ്കരിച്ച മാർഗ്ഗരേഖ (ജി.ഒ (എം.എസ്) 362/ 2013/ തസ്വഭവ 16.11.2013) ഇനം 7 വിഭവ സമാഹരണവും വകയിരുത്തലും നിർദ്ദേശം VI ൽ ഒരു വ്യക്തിക്കോ കുടുംബത്തിനോ, ഒരു വിഭാഗത്തിനോ ഒരു സ്ഥാപനത്തിനോ സ്വയം ചെയ്യാൻ കഴിയാത്ത കാര്യങ്ങൾക്കായിരിക്കണം പൊതുപണം വകയിരുത്തേണ്ടത് എന്ന പറയുന്നുണ്ട്. ഒരു പശുവുണ്ടായിരുന്ന വ്യക്തി അതിനെ വിറ്റിട്ട് മറ്റൊന്നിനെ വാങ്ങി ആനുകൂല്യം കൈപ്പറ്റിയത് അനുവദനീയമായ പ്രവർത്തിയല്ല. സബ്സിഡി വാങ്ങുക എന്ന ഉദ്ദേശത്തോടെ മാത്രം ഗുണഭോക്താക്കൾ ഇത്തരം പദ്ധതികളെ കാണുന്നതുമൂലം ഉല്പാദന വർദ്ധനവും അതുവഴി കുടുംബത്തിന്റെ വരുമാന വർദ്ധനവും ലക്ഷ്യമിട്ട് നടപ്പാക്കുന്ന പദ്ധതികൾ പാഴ്ച്ചെലവായി മാറുന്നു.

## ഭാഗം-4

### പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2015-16 | 100000 | ഭിന്നശേഷിയുള്ള കുട്ടികൾക്കുള്ള സ്കോളർഷിപ്പ് | 100000 | - |
| ജില്ലാ പഞ്ചായത്ത് | 2015-16 | 85500 | നെൽ കൃഷി സബ് സിഡി | 85500 | - |
| ജില്ലാ പഞ്ചായത്ത് | 2015-16 | 130761 | ഭിന്നശേഷിയുള്ള കുട്ടികൾക്കുള്ള സ്കോളർഷിപ്പ് | 130761 | - |

### 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഇല്ല

### 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല

### 4-4 വായ്പ/ വായ്പ തിരിച്ചടവ്

ഇല്ല

### 4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

### 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 19646/- രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗ പ്പേരും | രസീത് നമ്പർ/തിയ്യതി |
|---|---|---|---|---|
| 2011-12 | 3-2 | 534 | ശ്രീ.സനോജ് ഇ. എസ്, എൽ ഡി സി | 11505100772/1-6-15 |
| 2011-12 | 3-2 | 635 | ശ്രീ.സനോജ് ഇ. എസ്, എൽ ഡി സി | 11505100773/1-6-15 |
| 2011-12 | 3-2 | 1300 | ശ്രീ.എസ് അനീഷ്, യൂ ഡി സി | 11505100774/1-6-15 |
| 2011-12 | 3-2 | 1637 | ശ്രീ.സുനിൽ കുമാർ .എസ് | 11505100775/1-6-15 |
| 2011-12 | 3-3 | 3595 | ശ്രീ.ഉദയ കുമാർ, ഡ്രൈവർ | 11505100785/2-6-15 |
| 2011-12 | 3-2 | 945 | ശ്രീ.സനോജ് ഇ. എസ്, എൽ ഡി സി | 11505100787/5-8-15 |
| 2008-09 | 2-1 | 5000 | ശ്രീ.കെ.ബി സുരേഷ് കുമാർ, സെക്രട്ടറി | 11502102216/7-12-15 |
| 2007-08 | 2-1 | 5000 | ശ്രീ.കെ.ബി സുരേഷ് കുമാർ, സെക്രട്ടറി | 11502102217/7-12-15 |

| | | | | |
|---|---|---|---|---|
| 2012-13 | 3-7 | 1000 | ഡോ. ലിജി മോൾ ബി, മെഡിക്കൽ ഓഫീസർ | 11502102285/10-12-15 |
| | | 19646/- | | |

## 4-7. സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1998-99 | | 2000-01 | 4-02-05 | ജനകീയാസൂത്രണ പദ്ധതി-പഠനത്തിൽപിന്നാക്കം നില്ക്കുന്ന വിദ്യാർഥികൾക്കുള്ള പദ്ധതി | അക്കൗണ്ടസ് കമ്മിറ്റി പരിഗണനയിൽ |
| 2003-04 | | 2006-07 | 3-11-07 | നിക്ഷേപ വേലകൾ പൂർത്തിയാക്കിയിട്ടില്ല | പരിഹരിച്ചിട്ടുണ്ട് |

## 4-8 ഓഡിറ്റ് പ്രത്യവലോകനം

**(എ)** സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് (മുന്നിരിപ്പ് ഉൾപ്പെടെ) | : | 77686771 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 59614045 |
| വരവിനങ്ങളിലുള്ള നഷ്ടം | : | - |
| ചെലവിനങ്ങളിലുള്ള നഷ്ടം / ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 87196/- |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 431614/- |

**(ബി).** പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |

| | | | |
|---|---|---|---|
| 3-1 | | 37196/- | ശ്രീ. അരുൺ .എം.<br>അസിസ്റ്റന്റ് എഞ്ചിനീയർ |
| 3-4 | | 50000/- | ഗായത്രി .എസ്. വി ,<br>അസിസ്റ്റന്റ് സെക്രട്ടറി |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-2 | 30000/- | ശ്രീമതി .ഒ. മീനാകുമാരി അമ്മ, സെക്രട്ടറി |
| 3-3 | 65000/- | ശ്രീമതി.ഗായത്രി എസ്. വി ,<br>അസിസ്റ്റന്റ് സെക്രട്ടറി |
| 3-6 | 111614/- | ശ്രീമതി.ഗായത്രി എസ്. വി ,<br>അസിസ്റ്റന്റ് സെക്രട്ടറി |
| 3-7 | 25000/- | ശ്രീ.അലോഷ്യസ് പി.<br>വെറ്റിനറി സർജൻ |
| 3-10 | 200000/- | ശ്രീ.അലോഷ്യസ് പി.<br>വെറ്റിനറി സർജൻ |

**(സി)** കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

**(ഡി)** നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

**(ഇ)** റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി.ഗായത്രി എസ് വി,<br>അസി. സെക്രട്ടറി | അസി. സെക്രട്ടറി , പൂതക്കുളം ഗ്രാമ പഞ്ചായത്ത് | കല്ലാഴി വിള,<br>നെടുങ്ങോലം, കൊല്ലം |
| ശ്രീ. അരുൺ എം. ,<br>അസി. എഞ്ചിനീയർ | അസി. എഞ്ചിനീയർ, പൂതക്കുളം ഗ്രാമ പഞ്ചായത്ത് | ജാനകി മന്ദിരം,<br>ഇളവൂർ, പള്ളിമൺ |

| | | |
|---|---|---|
| | | |

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിട പാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1996-97 | LFQ-P7/1237 (1)/14 dtd 13.6.14 | 1 |
| 1997-98 | LFQ-P7/1237 ((2) /14 dtd 13.6.14 | 2 |
| 1999-00 | LFQ-P7/ 1237(4) /14 dtd 13.6.14 | 1 |
| 2000-01 | LFQ-P7/1237 (5) /14 dtd 13.6.14 | 4 |
| 2001-02 | LFQ-P7/1237(6)/14 dtd 13.6.14 | 3 |
| 2002-03 | LFQ-P7/1237 (7) /14 dtd 13.6.14 | 9 |
| 2003-04 | LFQ-P7/1237 (8) /14 dtd 13.6.14 | 6 |
| 2004-05 | LFQ-P7/1237 (9) /14 dtd 13.6.14 | 9 |
| 2005-06 | LFQ-P7/1237(10) /14 dtd 13.6.14 | 5 |
| 2006-07 | LFQ-P7/1237 (11) /14 dtd 13.6.14 | 7 |
| 2007-08 | LFQ-P7/1237(12) /14 dtd 13.6.14 | 8 |

| | | |
|---|---|---|
| 2008-09 | LFQ-P7/1237(13) /14 dtd 13.6.14 | 6 |
| 2009-10 | LFQ-P7/1237(14) /14 dtd 13.6.14 | 6 |
| 2010-11 | LFQ-P7/1237 (15) /14 dtd 13.6.14 | 10 |
| 2011-12 | LFQ-P71294/13 dtd 18.11.13 | 27 |
| 2012-13 & 2013-14 | LFQ-P7/962/15 dtd 08.07.15 | - |
| 2014-15 | KSA-KLM-P7/1147/2016 dtd 22-07-2016 | - |

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് ഓഫീസ്, കൊല്ലം

**4-10** ഓഡിറ്റ് സാക്ഷ്യപത്രം

നം.കെ.എസ്.എ.കെ.എൽ.എം -പി 7/326/17 തീയതി -14-2-2017

സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4- ാംവകുപ്പും, 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാംവകുപ്പും അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും പൂതക്കുളം ഗ്രാമപഞ്ചായത്തിന്റെ 2015-16 ലെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ പൂതക്കുളം ഗ്രാമപഞ്ചായത്തിൻെറ 2015-16 ലെ വാർഷിക ധനകാര്യ പത്രിക വരവ് ചെലവുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം